

# കടൽ സസ്തനികൾ

ഏതാണ്ട് 218 ജൈവജാതികളിലായി വ്യത്യസ്തങ്ങളായ ജീവിതരീതികളും ഘടനയുമായി കടൽസസ്തനികൾ ഏതാണ്ട് 60 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഭൂമുഖത്ത് രൂപം കൊണ്ട വയാണ്. ഇവ പ്രധാനമായും നാല് വിഭാഗങ്ങളിൽ പെടുന്നു: സെറ്റേസിയനുകൾ (തിമിംഗ ലങ്ങൾ, ഡോൾഫിനുകൾ, പോർപോയിസുകൾ), സൈറീനിയനുകൾ (മാനറ്റീകൾ, ഡുഗോങ്ങ് അഥവാ കടൽപശു) പിന്നീപീഡുകൾ (കടൽ സിംഹങ്ങൾ, വാൽറസ്, സീൽ), കടൽ നായ **(sea otter).** പരിണാമകാലത്ത് കരയിൽ നിന്നും കടലി ലേക്കിറിങ്ങിയ ഇവയുടെ മുൻഗാമികൾ പിന്നീട് പൂർണ്ണമായും വെള്ളത്തിൽ ജീവിക്കാൻ അനുകൂലനം നേടി.

ലോകത്തെ മിക്കവാറും സമുദ്രങ്ങളിൽ സസ്തനികളെ കാണാമെങ്കിലും ഇവയുടെ സാന്നിദ്ധ്യം കടലിലെ ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സെറ്റേസിയനു കളും സൈറീനിയനുകളും പൂർണമായും കടലിൽ തന്നെ കഴിയുമ്പോൾ മറ്റുള്ളവ ജീവത ചക്രത്തിൽ ചില സമയങ്ങളിൽ കരയിലെത്താറുണ്ട്. ഭാരതത്തിൽ സെറ്റേസിയനുകളും സൈറീനിയനുകളും (കടൽ പശു) ആണ് കാണപ്പെടുന്നത്. നമ്മുടെ തീരത്തെ ത്തുന്ന/കാണപ്പെടുന്ന സസ്തനികളെപ്പറ്റി കൃത്യമായ ധാരണയില്ല. ഈ മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന ഗവേഷകരുടെ അഭാവമാണ് ഇതിന് പ്രധാനകാരണം. എന്നിരു ന്നാലും 25 ജൈവജാതികളിൽപെട്ട സസ്തനികളെ നമ്മുടെ തീരക്കടലിൽ നിന്ന് കണ്ടെ ത്തിയിട്ടുണ്ട്.

## കടൽ സസ്തനികളുടെ പൊതുവായ ചില സവിശേഷതകൾ

- മത്സ്യങ്ങളുടേതുപൊലെ ധാരാരേഖിതമായ (സിഗാറിന്റെ അഥവാ റ്റോർപിഡോയുടെ ആകൃതി) ശരീരം
- പിൻകാലുകളുടെ അഭാവം (സെറ്റേസിയനുകൾ)
- വീതിയുള്ള തുഴകൾ (ഫ്ളിപ്പറുകൾ) ആയി രൂപാന്തരപ്പെട്ടിരിക്കുന്ന മുൻകാലുകൾ (കൈകൾ)
- ശരീരത്തിനു തിരശ്ചീനമായി വരുന്ന വാൽ
- ശരീരത്തിനു പുറത്ത് ചെവി, രോമങ്ങൾ, ചെകിളകൾ എന്നിവയുടെ അഭാവം.
- റബ്ബറുപോലുള്ള വിയർപ്പുഗ്രന്ഥികളില്ലാത്ത ത്വക്കിനു കീഴെയുള്ള കൊഴുപ്പുപാളി (blubber)
- സ്പോഞ്ചുപോലുള്ള എല്ലുകൾ



കരയിലെ മറ്റ് സസ്തനികളെപോലെ ഉഷ്ണരക്തമു ള്ളതും കുഞ്ഞുങ്ങളെ പ്രസവിക്കുന്നതും ശ്വാസ കോശങ്ങളിലൂടെ ശ്വസിക്കുന്നവയും ആണ് കടൽ സസ്തനികൾ. മികച്ച ബുദ്ധിശക്തിയും സാമൂഹ്യ ബോധമുള്ളവയുമാണ് ഇവ. അന്തരീക്ഷവായു എടുക്കാനായി ഇവ ഇടയ്ക്കിടെ വെള്ളത്തിനുമുക ളിലെത്തുകയും വായു ശക്തമായി പുറത്തേക്കു വിടുകയും ചെയ്യും. കടൽ സസ്തനികൾ പര സ്പരം ആശയവിനിമയം നടത്തുന്നത് ശബ്ദത്തി ലൂടെയാണ്. ശബ്ദത്തിന്റെ പ്രതിധ്വനി ആധാരമാ ക്കിയാണ് ഇവ സഞ്ചരിക്കുന്നതും.

തിമിംഗലങ്ങളിൽ പല്ലുള്ളവയും ഇല്ലാത്തവയുമു ണ്ട്. പല്ലുള്ള തിമിംഗലങ്ങളും ഡോൾഫിനുകളും

ഒഡന്റോസെലി **(Odontoceti)** എന്ന ഉപവർഗത്തിൽപെടുന്നു. മാംസഭോജിക ളായ ഇവ ഞണ്ട്, മത്സ്യങ്ങൾ, മറ്റു കടൽജീവികൾ എന്നിവയെ ആഹാരമാക്കുന്നു. പല്ലില്ലാത്ത തിമിംഗല ങ്ങൾക്ക് (ബാലീൻ തിമിംഗലങ്ങൾ) വായ്ക്കുള്ളിൽ കർട്ടൻ പോലുള്ള വലിയ പാളികൾ (ബാലീൻ പ്ലേറ്റു കൾ) ഉണ്ട്. ഇതുപയോഗിച്ച് പ്ലവകജീവികളെ കടൽവെള്ളത്തിൽ നിന്ന് അരിച്ചെടുത്ത് ഇവ ഭക്ഷണമാ ക്കുന്നു. ഇത്തരം തിമിംഗലങ്ങൾ മിസ്റ്റെസെറ്റി **(Mysteceti)** എന്ന ഉപവിഭാഗ ത്തിൽ പെടുന്നു.

ഇന്ന് ലോകത്ത് ഏറ്റവും ഭീഷണിനേരിടുന്ന ഒരു വിഭാഗമാണ് കടൽ സസ്തനികൾ. തിമിംഗല വേട്ടയുടെ ചരിത്രത്തിനു തന്നെ വളരെ പഴക്കമുണ്ട്. സ്റ്റെല്ലർ കടൽ പശു, കരീബിയൻ മോങ്ക് സീൽ ഇവ അമിതമായ വേട്ടകൊണ്ടുതന്നെ കടലുകളിൽ നിന്ന് അപ്രത്യക്ഷമായവയാണ്. വളരെമെല്ലെ വളരുന്നവയും വളരെ പതുക്കെ ലൈംഗിക പരിപക്വത പ്രാപിക്കുന്നതും, വളരെ കുറച്ച് കുഞ്ഞുങ്ങളെ പ്രസവിക്കുന്നതുമായ കടൽസസ്തനികളുടെ എണ്ണം കുറഞ്ഞാൽ അവയുടെ ജനസംഖ്യ തിരിച്ചു കൊണ്ടുവരുന്നത് ഏതാണ്ട് അസാധ്യമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള തിമിംഗല വേട്ട നിയമപരമായി ഏതാണ്ട് തടയപ്പെട്ടിട്ടു ണ്ടെങ്കിലും അനധികൃതവേട്ട ഇപ്പോഴും തുടരുന്നുണ്ട്. ഒപ്പം മത്സ്യബന്ധനവലകളിൽ കുടുങ്ങിയും കപ്പ ലുകൾ ഇടിച്ചും, ആവാസവ്യവസ്ഥയുടെ നാശം കാരണവും ആയിരക്കണക്കിന് കടൽ സസ്തനികൾ ഓരോവർഷവും കൊല്ലപ്പെടുന്നുണ്ട്. ഇതുകൂടാതെ മലിനീകരണവും ആഗോളതാപനവും കടലിനടി യിൽ സൃഷ്ടിക്കപ്പെടുന്ന ശബ്ദതരംഗങ്ങളും ഇവയുടെ ജീവന് ഭീഷണി ഉയർത്തുന്നുണ്ട്. കടൽ സസ്ത നികളിൽ പലതും വംശനാശഭീഷണി നേരിടുന്നവയാണ്.

കടലിൽ വച്ച് കടൽ സസ്തനികളെ തിരിച്ചറിയുന്നത് ശ്രമകരമായ ജോലിയാണ്. ഇതിന് ഏറെ പരിച യവും ആവശ്യമാണ്. മുതുകുചിറകിന്റെ ഘടന, വാലിന്റെ ഘടന, വെള്ളത്തിൽ മുങ്ങാംകുഴിയിടുന്ന രീതി, ബ്ലോഹോളിലൂടെ പുറത്തുവിടുന്ന ഈർപ്പമുള്ള വായുവിന്റെ രൂപം തുടങ്ങിയവ (തിമിംഗല ങ്ങൾക്ക്) അവലംബമാക്കിയാണ് ശാസ്ത്രലോകം ജീവനുള്ള കടൽ സസ്തനികളെ തിരിച്ചറിയുന്നത്. പരിശീലനം സിദ്ധിച്ച വ്യക്തികൾ ഇവയുടെ സ്വഭാവസവിശേഷതകൾ ആധാരമാക്കിയും തിരിച്ചറിയൽ നടത്താറുണ്ട്. മരണശേഷം കരയ്ക്കടിയുന്ന കടൽ സസ്തനികളെ ശരീരഘടനപരിശോധിച്ച് എളുപ്പ





കേരളതീരത്ത് ഏതാണ്ട് 17 ഇനങ്ങളിൽപ്പെട്ട സസ്തനികൾ കാണപ്പെടുന്നുണ്ടെന്നാണ് അനുമാനം. ഇവയെപ്പറ്റി മാത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## ഫിൻലെസ് പോർപോയിസ് (എലിയനേടി) (Finless Porpoise/Little Indian Porpoise)

ഗോത്രം **(Order)**: സെറ്റേസിയ **(Cetacea)**

കുടുംബം **(Family)** : ഫോസീനിഡേ **(Phocoenidae)**

ശാസ്ത്രനാമം : ***Neophocaena phocaenoides***

പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ഇത്തരം കടൽ സസ്തനികൾക്ക് മുതുക് ചിറക് ഉണ്ടാവില്ല. അതുകൊണ്ടുതന്നെ അവയെ പെട്ടെന്ന് തിരിച്ചറിയാനാവും. ഏതാണ്ട് 1.9 മീറ്റർ വരെ വളരുന്ന ഇവ കേരളത്തിലെ തീരക്കടലിൽ സ്ഥിരമായി കണ്ടുവരുന്നവയും മത്സ്യബന്ധനവലകളിൽ പെടുന്നവയുമാണ്. ഇടയ്ക്ക് ഇവ അഴിമുഖങ്ങളിലുമെത്തും. തലയിൽ നീണ്ട ചുണ്ടില്ലാത്തത് ഇവയെ ഡോൾഫിനുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു.

കൂടാതെ ഡോൾഫിന്റെ പല്ലുകൾ കൂർത്തതാണെങ്കിൽ ഇവയുടേത് ഉളിപ്പല്ലുകൾ പോലെ അഗ്രം പരന്നതാണ്. ഉരുണ്ടനെറ്റി മോന്തയുടെ അഗ്രഭാഗത്തുനിന്ന് ലംബമായി മുകളിലേക്ക് ഉയർന്നു നിൽക്കുന്നു. മറ്റു പോർപോയിസുകളെക്കാൾ ഇവയുടെ ശരീരം മെലിഞ്ഞതാണ്.

മുതുകു ചിറകില്ലാത്ത ഇവയുടെ ശരീരത്തിന്റെ ഉപരിഭാഗത്ത് മധ്യഭാഗത്തുനിന്നു തുടങ്ങി വാൽകുറ്റി വരെ ചെറിയ മുഴകൾ കാണാം. ഫ്ളൂക്കുകളുടെ അഗ്രഭാഗം അവതലമാണ് **(concave)**. വലിയ ഫ്ളിപ്പറുകളുടെ അഗ്രഭാഗം ഉരുണ്ടതാണ്. പൊതുവിൽ ശരീരത്തിന് ചാരനിറമാണ്; തൊണ്ടയും ഗുഹ്യഭാഗങ്ങളും ഇളം നിറത്തിലായിരിക്കും. ഒറ്റക്കോ, ജോഡികളായോ, ചെറിയ സമൂഹങ്ങളായോ (12 എണ്ണംവരെ) കാണുന്നു. ഇവ ചെറിയ മത്സ്യങ്ങൾ, കൂന്തൽ, ചെമ്മീൻ,





വായ്ക്കുള്ളിലെ പരന്ന പല്ലുകൾ



വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





## കുപ്പിമൂക്കൻ ഡോൾഫിൻ/ ചങ്കനേടി

# (Bottle- nose Dolphin)

ഗോത്രം : സെറ്റേസിയ

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Tursiops truncatus**

ഡോൾഫിനുകളിൽ ഏറ്റവുമധികം അറിയപ്പെടുന്നവയാണ് കുപ്പിമൂക്കൻ ഡോൾഫിനുകൾ. തീരസമുദ്രങ്ങളിലെയും ഡോൾഫിനേറിയങ്ങളിലെയും ടെലിവിഷനുകളിലെയും മറ്റും സജീവസാന്നിദ്ധ്യമാണ് ഇവയെ പ്രശസ്തരാക്കിയത്. താരതമ്യേന വലുപ്പമുള്ള ശരീരമുള്ള ഇവയ്ക്ക് ചെറുതോ ഇടത്തരമോ ആയ തടിച്ച സവിശേഷമായ കൊക്കാണുള്ളത്. നെറ്റിക്കും കൊക്കിനുമിടയിൽ ഒരു മടക്കുമുണ്ട്. അരിവാൾ പോലെ വളഞ്ഞ മുതുകുചിറക് ഉയർന്നതും ശരീരത്തിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നതുമാണ്.

ഇവയുടെ നിറത്തിൽ വ്യത്യാസങ്ങൾ കാണാറുണ്ടെങ്കിലും പൊതുവെ മുതുകിലും വശങ്ങളിലും ചാരനിറം മുതൽ കറുപ്പ് നിറം വരെയും വയറിൽ ഇളം വെളുപ്പുനിറവുമാണ്. കണ്ണുകളിൽ തുടങ്ങി ഫ്ളിപ്പറുകൾ വരെ ഇരുണ്ട നിറത്തിലുള്ള ഒരു വരയുണ്ടാവും. ശരീരത്തിനു മുകൾഭാഗവും (മുതുകു ചിറകുവരെ) കൂടുതൽ ഇരുണ്ടതായിരിക്കും.

മനുഷ്യരോട് ഏറെ ഇണങ്ങുന്ന ഇവയെ പരിശീലനം നടത്തി ഡോൾഫിനേറിയത്തിൽ പ്രദർശിപ്പിക്കാറുണ്ട്. കടലിലെ മൈനുകളും, ശത്രുക്കളുടെ സാന്നിധ്യവും കണ്ടെത്താനായി സേനാവിഭാഗങ്ങളും ഇവയെ പരിശീലിപ്പിക്കാറുണ്ട്. ഇവ 2 മുതൽ 4 മീറ്റർ വരെ വളരാറുണ്ട്. കേരളതീരത്ത് സ്ഥിരമായി ഇവയെകാണാറുണ്ട്. അടുത്തകാലത്ത് നടത്തിയ പഠനങ്ങൾ ഭാരതത്തിൽ കാണപ്പെടുന്നത് ഇൻഡോ-പസഫിക്ക് ബോട്ടിൽനോസ് ഡോൾഫിൻ **(Tursiops aduncus)** എന്ന ഇനമാണെന്ന് വ്യക്തമാക്കുന്നു.





വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം



## സാധാരണ ഡോൾഫിൻ (കടലേടി)

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Delphinus delphis**

നിറവും രൂപവും കൊണ്ട് ഇവയെ എളുപ്പം തിരിച്ചറിയാം. ഉപരിഭാഗം ചാരംകലർന്ന കറുപ്പും അടിവശം വെളുപ്പുനിറവുമാണ്. മൃദുവായ ചർമ്മമുള്ള ഇവയുടെ പാർശ്വഭാഗങ്ങളിൽ മഞ്ഞകലർന്ന പട്ടയടയാളങ്ങളുണ്ട്.

ഉപരിഭാഗത്തെ കറുപ്പു നിറമുള്ള പട്ട മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന അരിവാളുപോലുള്ള മുതുകുചിറകിനു നേരെ താഴെ അഗ്രഭാഗം കൂർത്ത നിലയിൽ താഴേക്ക് കാണപ്പെടുന്നു. കൂടാതെ താടിയിൽ നിന്ന് ഫ്ളിപ്പറിലേക്കു വ്യാപിക്കുന്നതും നെറ്റിയിൽ നിന്ന് കണ്ണിലേക്കെത്തുന്നതുമായ കറുത്ത രണ്ട് നേർത്ത വരകളുമുണ്ട്.

ഏതാണ്ട് 2.3 മീറ്റർ മുതൽ 2.6 മീറ്റർ വരെ നീളത്തിൽ വളരുന്ന ഇവ വലിയ കൂട്ടങ്ങളായാണ് സാധാരണ സഞ്ചരിക്കുന്നത്. മത്സ്യങ്ങളും കണവയും ആഹാരമാക്കുന്ന ഇവ വളരെ വേഗതയിലാണ് യാത്ര ചെയ്യുന്നത്. ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിപ്പിക്കുന്ന ഇവ വെള്ളത്തിനു വെളിയിൽ സ്ഥിരമായി പൊങ്ങി വരാറുണ്ട്. കേരളതീരത്ത് ഇടയ്ക്കിടെ കാണാറുണ്ട്. ഇന്ത്യൻ വന്യജീവിസംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഇവയെ ഉൾപ്പെടുത്തിയിട്ടുണ്ട്.







വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





## സ്പിന്നർ ഡോൾഫിൻ / മെലിയനേടി
## (Spinner Dolphin)

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Stenella longirostris**

വളരെ നേർത്ത നീണ്ട കൊക്കുകളോടുകൂടിയ സ്പിന്നർ ഡോൾഫിനുകൾ മെലിഞ്ഞവയും വളരെ നീളത്തിൽ വായുവിൽ ഉയർന്നു ചാടാനും തിരിയാനും കഴിവുള്ളവയുമാണ്. ഒറ്റച്ചാട്ടത്തിൽ ഏഴുതവണ വരെ തിരശ്ചീനമായി തിരിയാനുള്ള കഴിവുകൊണ്ടാവാം ഇവയ്ക്ക് സ്പിന്നർ ഡോൾഫിൻ എന്ന പേരു വന്നത്. കണ്ണുമുതൽ ഫ്ളിപ്പറുകൾ വരെ നീളുന്ന ഇരുണ്ടവരയും കറുത്ത ചുണ്ടുകളും കൊക്കിന്റെ അഗ്രഭാഗവുമാണ് ഇവയ്ക്കുള്ളത്. പൊതുവിൽ ഉപരിഭാഗത്ത് ഇരുണ്ടചാരനിറമുള്ള ഒരു പട്ടയും പാർശ്വഭാഗത്ത് ഇളം ചാരനിറവും അടിഭാഗത്ത് വെളുത്ത നിറവുമാണ്. മുതുകുചിറക് ഉയർന്നു നിൽക്കുന്നതും തൃകോണാകൃതിയിലുള്ളതും, ഫ്ളിപ്പറുകൾ നീളം കൂടിയവയുമാണ്.

ഏതാണ്ട് 2 മുതൽ 2.4 മീറ്റർ വരെ നീളത്തിൽ വളരുന്ന സ്പിന്നർ ഡോൾഫിനുകൾ 50 മുതൽ ആയിരക്കണക്കിന് വരെയുള്ള കൂട്ടങ്ങളായാണ് യാത്ര ചെയ്യുന്നത്. രാത്രി നേരമാണ് ഇവ കൂടുതലായും ഇരതേടുന്നത്. മത്സ്യങ്ങളും കണവകളുമാണ് പ്രധാനആഹാരം. ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിലാണ് ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നത്.





വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





കൂനൻ ഡോൾഫിൻ/ പുന്നനേടി

# (Indo-Pacific Hump-back Dolphin)

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Sousa chinensis**

നീണ്ട് തടിച്ച ശരീരമുള്ള കൂനൻഡോൾഫിനുകൾക്ക് പല സമുദ്രമേഖലകളിലും പ്രകടമായ നിറവ്യത്യാസം കാണാറുണ്ട്.

കേരളത്തിൽ കാണപ്പെടുന്നവയ്ക്കും ഉപരിഭാഗത്ത് മധ്യത്തായി കാണുന്ന മുതുകുചിറക് ഒരു കൂനിന്മേലാണ് സ്ഥിതി ചെയ്യുന്നതെന്നുകാണാം. ചിലയിടങ്ങളിൽ കാണുന്ന ഡോൾഫിനുകൾക്ക് കൂന് ഉണ്ടാവാറില്ല. വാൽകുറ്റിയിൽ വ്യക്തമായ ഒരു തടിപ്പ് ഉണ്ട്. പ്രധാനമായും ശരീരത്തിന്റെ ഉപരിഭാഗത്തിന് ഇരുണ്ട ചാരനിറമാണ്. കേരളത്തിൽ ചില ഡോൾഫിനുകൾ ഇളം വെളുപ്പുനിറത്തിലും കണ്ടിട്ടുണ്ട്.

തീരക്കടലിലും അഴിമുഖങ്ങളിലും ഇവയെ കാണാം. 10-ൽ താഴെയുള്ള ചെറു സംഘങ്ങളായാണ് ഇവ യാത്ര ചെയ്യുന്നത്. മത്സ്യങ്ങളാണ് പ്രധാനആഹാരം. നീണ്ടകര തുറമുഖത്തിനടുത്ത് ഇവ മത്സ്യങ്ങളെ പിൻതുടരുന്ന സ്വഭാവം മനസ്സിലാക്കി പരമ്പരാഗത മത്സ്യതൊഴിലാളികൾ വീശുവല ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്. ഇവ നിരന്തരമായി മത്സ്യങ്ങളെ പിൻതുടരുന്നതും തലകുത്തി മറിയുന്നതുമൊക്കെ








## റിസ്സോയുടെ ഡോൾഫിൻ
## (Risso's Dolphin)

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Grampus grisens**

വ്യക്തമായ കൊക്കുകളില്ലാത്ത, മുനയില്ലാത്ത തലയോടുകൂടിയ തടിച്ച ശരീരമുള്ള ഡോൾഫിൻ. അപൂർവ്വമായി മാത്രമാണ് ഇവയെ കേരളതീരത്ത് കണ്ടിട്ടുള്ളത്. ഉയർന്ന, അരിവാളുപോലുള്ള മുതുകുചിറകും മെലിഞ്ഞ് നീളം കൂടിയ വാൽഭാഗവുമാണ് ഇവയ്ക്കുള്ളത്. കണ്ണിന്റെ ഭാഗത്തേയ്ക്ക് ഉയർന്നു കാണുന്ന വായുടെ വരയും നെറ്റിയിൽ ലംബമായി കാണുന്ന ഒരു മടക്കും മറ്റ് സവിശേഷതകളാണ്. എന്നാൽ നിറവും ചർമ്മത്തിൽ കാണുന്ന തഴമ്പുകളുമാണ് കടലിൽ ഇവയെ തിരിച്ചറിയാൻ സഹായിക്കുന്ന ഘടകങ്ങൾ. മുതിർന്ന ഡോൾഫിനുകളുടെ നിറം ഇരുണ്ട ചാരനിറം മുതൽ വെളുത്തനിറം വരെയാവാമെങ്കിലും ശരീരത്തിൽ നിറയെ വെളുത്ത തഴമ്പുകളും കുത്തുകളും അടയാളങ്ങളും കാണപ്പെടുന്നു.

ഏതാണ്ട് 3.8 മീറ്റർ വരെ നീളത്തിൽ വളരുന്ന ഇവ ചെറുകൂട്ടങ്ങളായാണ് യാത്ര ചെയ്യുന്നത്. പൊതുവിൽ യാത്രയുടെ വേഗതയും വെള്ളത്തിനു മുകളിലെത്തുന്നതും മന്ദഗതിയിലാണെങ്കിലും ഇവയ്ക്ക് ഊർജ്ജസ്വലമായ നീക്കങ്ങളും നടത്താനാവും. കണവയാണ് ഇവയുടെ പ്രധാനആഹാരം. ശബ്ദത്തിന്റെ പ്രതിധ്വനി ഉപയോഗിച്ച് യാത്രചെയ്യുകയും ആശയ വിനിമയത്തിന് ക്ലിക് ക്ലിക് ശബ്ദങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഇവയും ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ









## കപടകൊലയാളി തിമിംഗലം
# (False Killer Whale)

കുടുംബം : ഡെൽഫിനിഡേ

ശാസ്ത്രനാമം : **Pseudorca crassidens**

കറുത്ത മത്സ്യം എന്ന് മത്സ്യത്തൊഴിലാളികൾ വിളിക്കുന്ന ഇവ ശരിക്കും തിമിംഗലവും കൊലയാളി തിമിംഗലവുമല്ല മറിച്ച് ഡോൾഫിനുകൾ തന്നെയാണ്. എന്നാൽ ഒറ്റ നോട്ടത്തിൽ കൊലയാളി തിമിംഗലങ്ങളുമായുള്ള രൂപസാദൃശ്യമാണ്. ഇവയ്ക്ക് ഈ പേരുനേടിക്കൊടുത്തത്. മുന്നിലേക്ക് തള്ളിനിൽക്കുന്ന ഉരുണ്ട നെറ്റിയും നീണ്ടു മെലിഞ്ഞ് കറുത്ത ശരീരവുമാണ് ഇവയുടെ പ്രത്യേകത. ഇളം ചാരനിറത്തിലെ ഒരു അടയാളം നെഞ്ചിന്റെ ഭാഗത്ത് കാണാനാവും. നേർത്തതും അരിവാളിന്റെ ആകൃതിയുള്ളതുമായ മുതുകുചിറകാണ് ഇവയ്ക്കുള്ളത്. ഫ്ളിപ്പറുകളുടെ സ്ഥാനം ശരീരത്തിൽ വളരെ മുന്നിലാണ്. കൂടാതെ ഇവയിൽ മുട്ടുകളുമുണ്ടാവും.

ഏതാണ്ട് 6 മീറ്റർ വരെ നീളത്തിൽ വളരുന്ന ഇവ ചെറുകൂട്ടങ്ങളായാണ് സഞ്ചരിക്കുന്നത്. പ്രധാനമായും മത്സ്യങ്ങളും കണവയും നീരാളിയുമൊക്കെയാണ് ഇവയുടെ ഭക്ഷണമെങ്കിലും കൂർത്ത പല്ലുകൾ ഉപയോഗിച്ച് മറ്റ് സസ്തനികളെയും ആക്രമിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപൂർവ്വമായി മാത്രം കാണപ്പെടുന്ന ഇവയെപ്പറ്റി കൂടുതൽ പഠനങ്ങൾ നടന്നിട്ടില്ല. ഇന്ത്യയിൽ വന്യജീവി സംരക്ഷണ നിയമത്തിൽ







വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





## എണ്ണത്തിമിംഗലം
## (Sperm Whale)

ഗോത്രം : സെറ്റേസിയ

കുടംബം : ഫൈസെറ്ററിഡെ

ശാസ്ത്രനാമം : **Physeter macrocephalus**

പല്ലുള്ള തിമിംഗലങ്ങളുടെ വിഭാഗത്തിൽപെടുന്ന ഏറ്റവും വലിയ തിമിംഗലങ്ങളാണ് ഇവ. ഉടലിന്റെ മൂന്നിലൊന്നു വലുപ്പം വരുന്ന ചതുരാകൃതിയിലുള്ള തല, തലയുടെ അടിഭാഗത്തു കാണുന്ന വീതികുറഞ്ഞ കീഴ്ത്താടി, പാർശ്വസമ്മർദിതമായ ശരീരം, തലയുടെ മുകളിൽ അല്പം ഇടതുമാറി കാണുന്ന 'ട' ആകൃതിയിലുള്ള നാസികാഗ്രം (ബ്ലോഹോൾ), വീതിയുള്ള തൂമ്പപോലുള്ള ഫ്ളിപ്പറുകൾ, ഏതാണ്ട് ഋജുവായി പിന്നറ്റം വീതിയുള്ള തൃകോണാകൃതിയുള്ള വാൽ, എന്നീ സവിശേഷതകൾ എണ്ണത്തിമിംഗലങ്ങളെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാക്കുന്നു. വാൽകുറ്റിക്കു മുകളിലായി ഒരു ചെറിയ ഉരുണ്ട മുഴയും നിരവധി ചെറിയ വീക്കങ്ങളും ഉണ്ടാവും.

എണ്ണത്തിമിംഗലങ്ങളുടെ തലയിൽ സ്പെർമാസെറ്റി ഓർഗൻ എന്ന അവയവമുണ്ട്. ഇതിനുള്ളിൽ എണ്ണ നിറഞ്ഞ മെഴുകുപോലുള്ള വെളുത്ത മൃദുവായ ഒരു വസ്തുവുണ്ട്. വെള്ളത്തിൽ ആഴത്തിൽ പോയ ശേഷം പൊങ്ങിവരാൻ ഈ വസ്തുവും സഹായിക്കുന്നു. ആദ്യകാലങ്ങളിൽ ഈ വസ്തുവിനെ സ്പേം (ശുക്ലം) ആയി തെറ്റിദ്ധരിച്ചതിൽ നിന്നാവാം 'സ്പേം വെയിൽ' എന്ന പേരുണ്ടായത്.

ഇവ പ്രധാനമായും കറുപ്പോ തവിട്ടുകലർന്ന ചാരനിറത്തിലോ ആണ് കാണപ്പെടുന്നത്. വയറിലും വായ്ക്കുചുറ്റും വെളുത്ത നിറമായിരിക്കും. 18– 25 ജോഡി കോണാകൃതിയിലുള്ള പല്ലുകൾ മേൽത്താടിയിലെ കുഴികളിൽ ചേർന്നിരിക്കും. 12–18 മീറ്റർവരെ നീളത്തിൽ വളരുന്ന ഇവയ്ക്ക് പരമാവധി 57 ടൺ വരെ ഭാരം വരും. നാസികാഗ്രം ഇടതുഭാഗത്ത് ചരിഞ്ഞു കാണുന്നതിൽ പ്രസ്തുത ദിശയിലാണ് ഇവ യാത്രചെയ്യുമ്പോൾ വെള്ളം ചീറ്റുന്നത്. ഇടയ്ക്ക് ഒറ്റയ്ക്കുകാണുമെങ്കിലും 50 തിമിംഗലങ്ങൾ വരെയുള്ള കൂട്ടങ്ങളായാണ് ഇവ സാധാരണയായി യാത്ര ചെയ്യുന്നത്. ദേശാടനം നടത്തുന്ന ഇവ കണവ, ഞണ്ട്, മത്സ്യങ്ങൾ എന്നിവയെയാണ് ആഹരിക്കുന്നത്. ഇന്ത്യയിൽ വന്യജീവി സംരക്ഷണ നിയമത്തിൽ ഒന്നാം പട്ടികയിൽ വരുന്ന ഇവയുടെ വേട്ട കർശനമായി തടഞ്ഞിട്ടുണ്ട്.





യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി





### പിഗ്മി എണ്ണത്തിമിംഗലം

## (Pygmy Sperm Whale)

ഗോത്രം : സെറ്റേസിയ

കുടുംബം : ഫൈസെറ്റെറിഡെ

ശാസ്ത്രനാമം : **Physeter macrocephalus**

വളരെ അപൂർവ്വമായി മാത്രം കടലിൽ നേരിട്ടുകാണാൻ കഴിയുന്ന ഇവക്കും എണ്ണത്തിമിംഗലങ്ങളെ പോലെ തലയിൽ എണ്ണ ഉൽപ്പാദിപ്പിക്കുന്ന സ്പെർമാസെറ്റി അവയവമുണ്ട്. സ്രാവുകളെ പോലുള്ള തലയുള്ള കുള്ളൻ എണ്ണത്തിമിംഗലങ്ങൾക്ക് വീതികുറഞ്ഞ കീഴ്ത്താടിയാണുള്ളത്. ഫ്ളിപ്പറുകൾ കൂടുതലായി തലയോടടുത്തു കാണുന്നു. ഒപ്പം മധ്യഭാഗത്തിന് അല്പം പിന്നിലായാണ് അരിവാളിന്റെ ആകൃതിയിലുള്ള ചെറിയ മുതുകു ചിറക് കാണപ്പെടുന്നത്.

2.7–3.4 മീറ്റർ വരെ നീളത്തിൽ വളരുന്ന ഇവയ്ക്ക് പരമാവധി 400 കിലോഗ്രാം വരെ ഭാരമുണ്ടാവും. ശരീരത്തിന്റെ ഉപരിഭാഗം കടുത്ത ചാരനിറവും അടിഭാഗം വെളുത്ത നിറവും (അപൂർവ്വമായി പിങ്ക് നിറം) ആണ്. പാർശ്വങ്ങളിൽ കണ്ണിനും ഫ്ളിപ്പറുകൾക്കുമിടയിൽ ഇളം നിറത്തിലുള്ള ബ്രാക്കറ്റ് ആകൃതിയിൽ ഒരു അടയാളമുണ്ട്. ഭയപ്പെടുത്തിയാൽ ശരീരത്തിനുള്ളിൽ നിന്ന് ഒരു ചുവന്നമഷി പുറത്തുവിടുന്ന സ്വഭാവമുണ്ട്. കൂടുതൽ ആഴക്കടലിൽ കാണപ്പെടുന്ന ഇവ 5–6

### ഡ്വാർഫ് എണ്ണത്തിമിംഗലം

## (Dwarf Sperm Whale)

കുടുംബം : കോഗിഡേ

ശാസ്ത്രനാമം : **Kogia sima**

മൂന്നിനം എണ്ണത്തിമിംഗലങ്ങളിൽ ഒന്നായ ഇവയെപ്പറ്റി കാര്യമായ വിവരങ്ങൾ ലഭ്യമല്ല. തിമിംഗലങ്ങളിൽ ഏറ്റവും ചെറുതായ ഡ്വാർഫ് എണ്ണത്തിമിംഗലം 2.7 മീറ്റർ നീളത്തിലും 250 കിലോഗ്രാം ഭാരത്തിലും വളരുന്നു. പൊതുവെ പിഗ്മി എണ്ണതിമിംഗലവുമായി രൂപസാദൃശ്യമുണ്ടെങ്കിലും ഇവയ്ക്ക് ശരീരത്തിന്റെ മധ്യഭാഗത്തായി കാണുന്ന വലിയ മുതുകു ചിറകാണുള്ളത്.

പുതിയ പഠനങ്ങൾ ഇവ പ്രത്യേകം ജീവജാതിയാ





പിഗ്മി എണ്ണത്തിമിംഗലം



വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





## മിങ്കി തിമിംഗലം
# (Minke Whale)

ഗോത്രം : സെറ്റേസിയ

കുടംബം : ബലെനോപ്റ്ററിഡെ

ശാസ്ത്രനാമം : **Balaenoptera acutorostrata**

നീണ്ട് കൂർത്ത തലയും തലയ്ക്കു മുകളിൽ മധ്യഭാഗത്തായി കാണുന്ന വ്യക്തമായ തടിപ്പും വേർതിരിച്ച റിയാവുന്ന നിറവും മിങ്കി തിമിംഗലങ്ങളെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തരാക്കുന്നു. ശരീരത്തിന്റെ ഉപരി ഭാഗത്തിന് ഇരുണ്ട ചാരനിറവും അടിവശത്തിന് വെള്ളനിറവും, വശങ്ങളിൽ വരകളും ഖണ്ഡങ്ങളു മായി വിവിധ നിറഭേദങ്ങളും കാണാം. ഫ്ളിപ്പറിനു പുറത്തും വെളുത്ത നിറത്തിലുള്ള ഒരു പട്ടയുണ്ട്. ഉയരംകൂടിയ വളഞ്ഞ മുതുകു ചിറക് മോന്തയുടെ അഗ്രഭാഗത്തു നിന്ന് മുന്നിൽ രണ്ട് ഭാഗം പിന്നോട്ടു മാറി സ്ഥിതി ചെയ്യുന്നു. ശരീരത്തിന്റെ അടിഭാഗത്ത് ഫ്ളിപ്പർ കഴിഞ്ഞ് അല്പദൂരം വരെ കാണുന്ന താര തമ്യേന ചെറിയ 30-70 ഞൊറികളും 231-360 ജോഡി ബാലീൻ പ്ലേറ്റുകളും ഉണ്ട്.

ഇവയ്ക്ക് ഏതാണ്ട് 9 മീറ്റർ വരെ നീളവും 14 ടൺ വരെ ഭാരവും ഉണ്ടാവും. 1-3 വരെയുള്ള ചെറുകൂട്ടങ്ങ ളായി സഞ്ചരിക്കുന്നു. ഇവ നീന്തുകയും മുങ്ങുകയും ചീറ്റുകയും ചെയ്യുന്ന രീതി ചിത്രത്തിൽ കാണിച്ചി രിക്കുന്നു.

കേരളത്തിൽ ഒരു പ്രാവശ്യം ഇവയെ കണ്ടതായി രേഖപ്പെടുത്തൽ ഉണ്ട്. ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിൽ രണ്ടാം പട്ടികയിൽ ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നു.

അടുത്ത കാലത്തുള്ള പഠനങ്ങൾ രണ്ടിനം മിങ്കി തിമിംഗലങ്ങളുടെ സാന്നിദ്ധ്യം വെളിവാക്കിയിട്ടുണ്ട്.





വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം



## സെയ് തിമിംഗലം
## (Sei Whale)

ഗോത്രം : സെറ്റേസിയ

കുടുംബം : ബലെനോപ്റ്ററിഡെ

ശാസ്ത്രനാമം : **Balaenoptera borealis**

നീലത്തിമിംഗലവും, ഫിൻതിമിംഗലവും കഴിഞ്ഞാൽ ഏറ്റവും വലിയ തിമിംഗലമാണ് സെയ് തിമിംഗലം. ഇരുണ്ട ചാരനിറമുള്ള ഇവയുടെ ശരീരത്തിന്റെ അടിഭാഗം വെളുപ്പാണ്. ബ്രൂഡാ തിമിംഗലവുമായി രൂപസാദൃശ്യമുണ്ടെങ്കിലും ഇവയ്ക്ക് ചെറുതായി വളഞ്ഞതും അഗ്രഭാഗം താഴേക്കു നിൽക്കുന്നതുമായ റോസ്ട്രം (മണ്ഡപം) ആണുള്ളത്. അധരഭാഗത്തെ 32-60 ഞൊറികൾ നാഭിക്ക് വളരെ മുന്നിലായി അവസാനിക്കുന്നു. ഇവയ്ക്ക് 219-402 കറുത്ത ബാലീൻ പ്ലേറ്റുകൾ ആണുള്ളത്. ഇവ കൂടുതലും ഉൾക്കടലിലാണ് കാണപ്പെടുന്നത്. 2-5 വരെയുള്ള ചെറിയ ഗ്രൂപ്പുകളായി കാണപ്പെടുന്ന ഇവ ഏറ്റവും വേഗതയുള്ള തിമിംഗലമാണ്. കേരളത്തിൽ ഒരു തവണ ഇവ കരയ്ക്കടിഞ്ഞിട്ടുണ്ട്. ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വേൾഡ് കൺസർവേഷൻ യൂണിയന്റെ





യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി



വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം

## ബ്രൂഡാ തിമിംഗലം
## (Bryde's Whale)

കുടുംബം : ബലെനോപ്റ്ററിഡെ

ശാസ്ത്രനാമം : **Balaenoptera edeni**

തലയുടെ മുകളിൽ ഉയർന്നു നിൽക്കുന്ന വ്യക്തമായ മൂന്നു തടിപ്പുകൾ കൊണ്ട് ഇവയെ സെയ് തിമിംഗലങ്ങളിൽ നിന്ന് തിരിച്ചറിയാനാവും. ശരീരത്തിന്റെ മുകൾഭാഗത്ത് ചാരനിറമോ തവിട്ടു നിറമോ ആണെങ്കിൽ അടിവശം നീലകലർന്ന ചാരനിറമോ മഞ്ഞകലർന്ന ചാരനിറമോ ആണ്. അരിവാളിന്റെ ആകൃതിയുള്ള മുതുകുചിറക് ഉപരിഭാഗത്ത് മധ്യഭാഗത്തിനു ശേഷം പെട്ടെന്ന് ഉയർന്നു നിൽക്കുന്നതായികാണാം. ഏതാണ്ട് 15.5 മീറ്റർ നീളത്തിലും 20-25 ടൺ ഭാരത്തിലും വളരാറുണ്ട്. തീരക്കടലിലും ഉൾക്കടലിലും കാണാറുണ്ട്.

കേരളതീരത്ത് അടുത്തയിടെ നിരവധി ബ്രൂഡാ തിമിംഗലങ്ങൾ കരക്കടിഞ്ഞിട്ടുണ്ട്. ഒറ്റക്കോ ജോഡികളായോ ആണ് കാണുന്നത്. പ്രധാനമായും മത്സ്യങ്ങളെയാണ് ഭക്ഷിക്കുന്നതെങ്കിലും നട്ടെല്ലില്ലാത്ത ജീവികളെയും ഇവ ഭക്ഷണമാക്കാറുണ്ട്. ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഉൾപ്പെടുന്നു.








യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി

## ഫിൻ തിമിംഗലം
# (Fin Whale/ Razor back)

കുടംബം : ബലെനോപ്റ്റീറിഡെ

ശാസ്ത്രനാമം : **Balaenoptera physalus**

നീണ്ട് മെലിഞ്ഞ ധാരാരേഖിതമായ ശരീരമുള്ള ഫിൻ തിമിംഗലങ്ങൾക്ക് ഉപരിഭാഗത്തും പാർശ്വഭാഗങ്ങളിലും കുറുപ്പോ, ചാരം കലർന്ന തവിട്ടു നിറമോ ആണ്. അടിഭാഗം വെളുത്തതാണ്. ഇടതു വശത്ത് കീഴ്ത്താടി വെളുത്തും വലതുവശത്ത് വെളുത്ത നിറത്തിലും കാണപ്പെടുന്നത് ഇവയെ രൂപസാദൃശ്യമുള്ള നീലത്തിമിംഗലത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നു. കൂടാതെ നീലത്തിമിംഗലങ്ങളെക്കാൾ നീണ്ടതലയും ഉയരം കൂടിയതും കൂടുതൽ അരിവാൾ ആകൃതിയുള്ളതും വാലിനോട് കൂടുതൽ അടുത്തു കാണുന്നതുമായ മുതുകു ചിറകുമാണ് ഇവയ്ക്കുള്ളത്. മുതുകിൽ തലയ്ക്കു പിന്നിലായി നിരവധി ഇളം ചാരനിറത്തിലുള്ള 'V' അടയാളത്തിലുള്ള അടയാളങ്ങളുണ്ട്. വ്യക്തമായ ഒരു വരമ്പിലൂടെ ചിറക് വാലിലോടു ചേരുന്നതിനാൽ ഇവയ്ക്ക് റേസർബാക്ക് തിമിംഗലങ്ങൾ എന്നും പേരുണ്ട്.

തൊണ്ടയിലെ ഞൊറികൾ 50–100 എണ്ണം നാഭിവരെ എത്താറുണ്ട്. 240–480 ബാലീൻ പ്ലേറ്റുകൾ ഇവയുടെ വായ്ക്കുള്ളിൽ കാണപ്പെടുന്നു. ഇതിന്റെ വെള്ളം ചീറ്റൽ ഒരു ജലധാരപോലെ 6 മീറ്റർ വരെ ഉയരത്തിലെത്തുന്നു. പരമാവധി ഏതാണ്ട് 27 മീറ്റർ നീളം വരെയും 75 ടൺ ഭാരത്തിലും ഇവ എത്താറുണ്ട്. മണിക്കൂറിൽ 37 കി.മീ. നീന്താൻ ഇവയ്ക്കു കഴിയും. മറ്റ് ബാലീൻ തിമിംഗങ്ങളെക്കാൾ വലിയ കൂട്ടങ്ങളായി (7 എണ്ണമോ അധികമോ) ഇവയെ കാണാൻ കഴിയും. ചെറിയ അകശേരുകികൾ, കണവകൾ, മത്സ്യങ്ങൾ എന്നിവയാണ് പ്രധാനആഹാരം. ഭാരതത്തിൽ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഇവയെ ഉൾപ്പെടുത്തിയിട്ടുണ്ട്. വേൾഡ് കൺസർവേഷൻ യൂണിയന്റെ റെഡ് ലിസ്റ്റിൽ (2008) ഇവയെ





യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി



വലുപ്പത്തിൽ മനുഷ്യനുമായുള്ള താരതമ്യം





## നീലത്തിമിംഗലം

# (Blue Whale)

കുടുംബം : ബലെനോപ്റ്ററിഡെ

ശാസ്ത്രനാമം : **Balaenoptera musculus**

ഏതാണ്ട് 30 മീറ്റർ നീളത്തിലും 180 ടൺ അല്ലെങ്കിൽ അതിലധികം ഭാരത്തിലും വളരുന്ന നീലത്തിമിംഗലങ്ങൾ ലോകത്ത് ഇന്നുവരെ ജീവിച്ചിരുന്ന ജീവികളിൽ ഏറ്റവും വലുപ്പം കൂടിയവയാണ്. ശരീരമാസകലം നീലകലർന്ന ചാരനിറമാണ് ഇവയ്ക്കുള്ളത്. മുതുകിലും പാർശ്വങ്ങളിലും ചെറിയ അടയാളങ്ങൾ ഉണ്ടാവും. ഇവയുടെ തലയ്ക്ക് വീതികൂടുതലും 'ഡ' ആകൃതിയുമാണ്. ചെറിയ മുതുകു ചിറക് മോന്തയുടെ അറ്റത്തു നിന്ന് ശരീരത്തിന്റെ നീളത്തിന്റെ മൂന്നിൽ രണ്ടു ഭാഗം പിന്നിലായാണ് സ്ഥിതിചെയ്യുന്നത്. വീതിയുള്ള ഫ്ളിപ്പറുകളിൽ ഒരു വ്യക്തമായ ഒരു വെട്ട് **(notch)** കാണുന്നു.

തൊണ്ടയിലെ 55-88 ഞൊറികൾ നാഭിപ്രദേശം വരെയോ അതിനടുത്തോ എത്താറുണ്ട്. 270 മുതൽ 395 വരെ കറുത്ത വീതികൂടിയ ബാലീൻ പ്ലേറ്റുകൾ ഇവയുടെ വായിലുണ്ട്. ക്രസ്റ്റേഷ്യനുകൾ പ്രത്യേകിച്ച് ക്രിൽ **(Krill)**, എന്ന ജീവിയാണ് ഇവയുടെ പ്രധാന ആഹാരം. 6 മുതൽ 10 മീറ്റർ വരെ ഉയരത്തിൽ കുത്തനെ വെള്ളം ചീറ്റുന്നത് ഇവയുടെ പ്രത്യേകതയാണ്. സാധാരണയായി ഒറ്റക്കോ ജോഡികളായോ കാണപ്പെടുന്നു. കേരളതീരത്ത് കരക്കടിഞ്ഞിട്ടുണ്ട്.

ലോകമെമ്പാടുമുള്ള എല്ലാ സമുദ്രങ്ങളിലും കാണപ്പെടുന്ന നീലത്തിമിംഗലങ്ങൾ വേൾഡ് കൺസർവേഷൻ യൂണിയന്റെ വംശനാശഭീഷണി നേരിടുന്ന സസ്തനികളുടെ പട്ടികയിലാണ് ഉള്ളത്.

ഭാരതത്തിൽ വന്യജീവി സംരക്ഷണ നിയമത്തിൽ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ മഹാസമുദ്രത്തിൽ നീലത്തിമിംഗലത്തിന്റെ ഒരു സബ്സ്പീഷീസ് ആയ പിഗ്മി നീലത്തിമിംഗലമാണ് കാണപ്പെടുന്നതെന്ന് പുതിയ പഠനങ്ങൾ വെളിവാക്കുന്നു.





യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി







## കൂനൻ തിമിംഗലം
## (Humpback Whale)

കുടുംബം : ബലൈനോപ്റ്റീറിഡെ

ശാസ്ത്രനാമം : **Megaptera novaeangliae**

വ്യത്യസ്തമായ ശരീരഘടനയോടു കൂടിയ ബാലീൻ തിമിംഗലത്തിന് തടിച്ച ശരീരവും വളരെ നീളം കൂടിയ ഫ്ളിപ്പറുകളും (ശരീരത്തിന്റെ നീളത്തിന്റെ ഏതാണ്ട് മൂന്നിലൊന്ന്) ചെറിയ വീതികൂടിയ ചുവടു ഭാഗത്തോടു കൂടിയ മുതുകു ചിറകുകളുമാണുള്ളത്. ഫ്ളിപ്പറുകളുടെ അരികുകളിൽ വലിയ രണ്ടു മുഴ കളും മറ്റു നിരവധി ചെറിയ മുഴകളും ഉണ്ട്. ഇത്തരം മുഴകൾ തലയിലും കീഴ്ത്താടിയിലുമുണ്ട്.

ശരീരത്തിന്റെ ഉപരിഭാഗത്ത് കുറുപ്പ്/ ഇരുണ്ട ചാരനിറവും അടിഭാഗത്ത് വെളുത്തപാടുകളുമാണ്.

അടിഭാഗത്തെ 14-35 ഞൊറികൾ നാഭിവരെയോ അതുകഴിഞ്ഞോ നീണ്ടു നിൽക്കും. 270-400 കറുത്ത ബാലീൻ പ്ലേറ്റുകൾ വായ്ക്കുള്ളിൽ കാണപ്പെടുന്നു. 11 മുതൽ 16 മീറ്റർ വരെ നീളത്തിൽ വളരുന്ന ഇവ യുടെ ഭാരം 35 ടൺ വരെയാണ്: ഇവ ആഹാരം തേടുന്നതും പ്രജനനം നടത്തുന്നതും തീരക്കടലിലാണ്. വ്യത്യസ്തമയ വെള്ളം ചീറ്റലാണ് ഇവ പ്രകടമാക്കുന്നത്. മൂന്നു മീറ്ററോളം ഉയരത്തിലെത്തുന്ന ഇത് അഗ്രഭാഗത്ത് രണ്ടായി പിരിയുന്നതാണ്.

ഒറ്റയ്ക്കോ 2-3 എണ്ണം വരുന്ന ചെറുകൂട്ടങ്ങളായോ ആണ് ഇവ യാത്ര ചെയ്യുന്നത്. വലിയ തിമിംഗലങ്ങ ളിൽ ഏറ്റവും നല്ല അഭ്യാസിയായ ഇവ ശരീരം മുഴുവൻ വെള്ളത്തിനു പുറത്താക്കി മലക്കം മറിയാറുണ്ട്. ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാംപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.





യാത്രയുടെയും വെള്ളം ചീറ്റലിന്റെയും രീതി

## കടൽ പശു
# (Dugong /Sea Cow)

ഗോത്രം : സൈറീനിയ

കുടുംബം : ഡ്യൂഗോങ്ങിഡെ

ശാസ്ത്രനാമം : **Dugong dugon**

പൂർണമായും സസ്യാഹാരിയായ ഏക കടൽസസ്തനിയാണ് കടൽ പുല്ലുകൾ ആഹരിച്ച് ജീവിക്കുന്ന ഡ്യൂഗോങ്ങുകൾ അഥവാ കടൽപശുക്കൾ. ശംഖാകൃതിയുള്ള തടിച്ചശരീരവും പിൻകാലുകളുടെയും മുതുകു ചിറകിന്റെയും അഭാവവും ഡോൾഫിനുകളുടേതു പോലുള്ള തിരശ്ചീനമായി പരന്നിരിക്കുന്ന വാലും ഇവയെ മറ്റു സസ്തനികളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. മുൻകാലുകൾ തുഴകൾ പോലെയാണ്. മോന്തയുടെ ഭാഗം ഭാഗീകമായി രണ്ടായി മാറിയിരിക്കുന്നു. കട്ടിയുള്ള മാംസളമായ മേൽചുണ്ട് വായ്ഭാഗത്തെ ഭാഗികമായി മൂടുന്നു.

ഉപരിഭാഗത്ത് സ്ലേറ്റ് ചാരനിറം അല്ലെങ്കിൽ തവിട്ടു കലർന്ന ചാരനിറം, അടിഭാഗത്ത് വെളുത്തനിറം, ആൺ ജീവികൾക്ക് ഒരു ജോഡി നീളമുള്ള ഉളിപ്പല്ലുകൾ എന്നിവ മറ്റ് പ്രത്യേകതകളാണ്.

ആഴം കുറഞ്ഞ കടൽഭാഗങ്ങളിൽ 6 അംഗങ്ങൾ വരെയുള്ള ചെറുകൂട്ടങ്ങളായാണ് ഇവ കാണപ്പെടുന്നത്. പരമാവധി നീളം 3.3 മീറ്റർ ഭാരം 400 കിലോഗ്രാം. ഭാരതത്തിൽ മാന്നാർ ഉൾക്കടലിലാണ് ഇവയുടെ നല്ലൊരു ജനസംഖ്യ കാണപ്പെടുന്നത്. കേരളതീരത്തും ഇവയെ കണ്ടിട്ടുള്ളതായി രേഖകളുണ്ട്. കാര്യമായ വംശനാശഭീഷണി നേരിടുന്ന ഇവയെ ഇന്ത്യൻ വന്യജീവി സംരക്ഷണനിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നു.





# കൂടുതൽ വായനയ്ക്ക്


Ahamed, S. (1975). Sea snakes of the Indian Ocean in the collection of the Zoological Survey of India together with remarks on the geographical distribution of all Indian ocean species. *Journal of the Marine Biological Association of India* 17(1): 73-81.

Ajmal Khan, S. (1992). Hermit crabs of Parangipettai coasts .Centre of advanced study in Marine Biology, 1-23.

Alcock, A. (1984). *Materials for a Carcinological Fauna of India.* International Books and Periodical Supply Services, New Delhi, 456pp.

Ali, S. (1999). *Birds of Kerala* (Third Revised Edition of the Birds of Travancore and Cochin). Kerala Forests and Wildlife Department, Thiruvananthapuram,

Andrews, H.V., Pandav, B. and Shanker, K. (2003). Research and management techniques. A GOI UNDP Project Manual. Centre for Herpetology/Madras Crocodile Bank Trust, Mamallapuram, Tamil Nadu, India.

Anupama, C. and Sivadasan, M. (2004). Mangroves of Kereala, India. *Rheedea,* 14: 9-46.

Appukuttan, K.K. (1996). Marine molluscs and their conservation. In: *Marine Biodiversity Conservation and Management* (N.G. Menon, C.S.G. Pillai, Eds.), CMFRI, Cochin, pp. 66-76.

Ausubel, J.H., Crist, D.T. and Waggoner, P.E. (2010). *First Census of Marine Life 2010: Highlights of a Decade of Discovery.* Census of Marine Life, New York, 64pp.

Bal, D.V. & K.V. Rao (1984). *Marine Fisheries.* Tata McGraw Hill Publ. Co. Ltd., New Delhi, 470 pp.

Balakrishnan Nair, N. (1969). *The Discovery of the Oceans.* National Council of Educational Research and Extension, New Delhi, 183pp.

Balakrishnan Nair, N. and Thampy, D.M. (1980) . *A Textbook of Marine Ecology.* Macmillan, New Delhi.

Barnes, R.S.K. (1974). *Estuarine Biology. Studies in Biology*. The Camelot Press Ltsd. London, 76 pp.

Barnes, R.S.K. (1998). *The Diversity of Living Organisms*. Blackwell Science, Oxford, 345pp.

Barnes, R.S.K. and Hughes, R.N. (2004). *Introduction to Marine Ecology*. $3^{rd}$ ed. Blackwell Publ., USA, 286 pp.

Bergquist, P.R. (1978). *Sponges*. Hutchinson: London. 268pp.

Burton, R. (1977). *The Seashore and its Wildlife.* Orbis Publishing, London, 128pp.

Caldecott, J. and Salmon, M. (1999). *Deep Water.* Ellipsis, London, 126pp.

Cannon, L.R.G. (1986). *Turbellaria of the World. A Guide to Families and Genera.* Queensland Museum, Brisbane, 136pp.

Chhapur, B.F. (1957). Marine crabs of Bombay State. Contribution No. 1 of the Taraporevala Marine Biological Station, pp. 1-88.

Chhapgar, B.F. (1995). *Man Inside the Sea.* National Book Trust, New Delhi, 188pp. World Wide Fund for Nature-India, Oxford University Press, New Delhi, 88pp.

Chhapgar, B.F. (2006). *Marine Life in India.* Oxford University Press, New Delhi, 368pp.

Chhapgar, B.F. (2008). *Seashore Life of India*. World Wide Fund for Nature-India, Oxford University Press, 88pp.

Choudhury, B.C., Pandav, B. and Andrews, H.V. (2003). Sea turtle conservation: Population census and monitoring. A GOI UNDP Project Manual. Centre for Herpetology/Madras Crocodile Bank Trust, Mamallapuram, Tamil Nadu, India.

Clark, A. M and Rowe, F.W.E. (1971). *Monograph of shallow-water Indo-west Pacific echinoderm*. British Museum (Natural History), London, 238 pp.

Compagno, L. J. V. (1984). *FAO Species Catalogue*. Vol. 4. Sharks of the World. An Annotated And Illustrated Catalogue of Shark Species Known to Date. Part 1 - Hexanchiformes to Lamniformes. FAO Fish. Synop., 125 (4/1):1-249.

Couper, A. (Ed.). *Atlas of the Oceans.* Times Books, London, 272pp.

Cousteau, J. 1974. *The Ocean World.* The World Publishing Company, New York.

Cramer, D. (2008). *Smithsonian Oceans Our Water, Our World*. Smithsonian Books/Collins, 296pp.

Crane, J. (1975). Fiddler crabs of the world. Princeton University Press, Princeton, New Jersey, 736 pp.

Datta, S. (2011). *The Wonderful Marine World.* Publications Division, Govt. of India, New Delhi, 238pp.

Day, F. (1865). *Fishes of Malabar.* Bernard Quaritch, London.

Day, F. (1878). *The Fishes of India: Being a Natural History of the Fishes Known to Inhabit the Sea and Freshwaters of India, Burma, and Ceylon.* Vols. I & II. Today and Tomorrow Book Agency, New Delhi.

Deepak Apte (2012). *Field Guide to the Marine Life of India.* Deepak Apte, Thane, Maharashtra, 502pp.

Dhargalkar, V.K. and Kavlekar, D.P (2004). Seaweeds - a field manual. National Institute of Oceanography, Goa, 42pp.

Dhargalkar, V.K. (2008). *Marine Biodiversity: A Comprehensive Catalogue of Seaweeds of Central West Coast of India.* National Institute of Oceanography, Goa.

Engel. L. (1962). *The Sea.* Time-Life International, The Netherlands.

Ernest Hemingway. *The Old Man and the Sea.* Charles Scribner's Sons, New York.

Fabricius, K.E. and Alderslade, P. (2001). Soft Corals and Sea Fans: A comprehensive guide to the tropical shallow water genera of the central-west Pacific, the Indian Ocean and the Red Sea. Australian Institute of Marine Science, Townsville, 264 pp.

FAO (2005). Cephalopods of the world-An annotated and illustrated catalogue of Cephalopod species known to date-chambered Nautiluses and Sepioids (Nautilidae, Sepiidae, Sepiolidae, Sepiadariidae, idiosepiidae and Spirulidae). P. Jereb, and C.F.E.Roper (eds.) *FAO Species Catalogue for Fishery Purposes* No.4 Vol.1, 261pp.

Fernando, S.A. (2006). *Monograph on Indian Barnacles.* Ocean Science and Technology Cell, Cochin University of Science and Technology, Kochi, 199pp.

Fischer, W. and G. Bianchi (1984). FAO species identification sheets for fishery purposes. Western Indian Ocean (Fishing Area 51). FAO, Rome, vols. I-VI.

Fish, J.D. and Fish, S. (2011). *A Student's Guide to the Seashore (3rd Edn.)*. Cambridge University Press, 527pp.

Fox, W.T. (1983). *At the Sea's Edge.* Prentice-Hall, Inc., New Jersey, 317pp.

George, J.P. (Ed.). (2005). *Mangrove Ecosystems: A Manual for the Assessment of Biodiversity.* Central Marine Fisheries Research Institute, Cochin, India, 222pp.

Gibson, R. (1972). *Nemertines*. Hutchinson University Library, London, 224pp.

Goswami, S.C. (2004). Zooplankton Methodology, Collection & identification - A field manual. National Institute of Oceanography, Goa, 26 pp.

Guinea, M.L. (2003). Ecology, *Systematics and Biogeograhy of Sea Snakes*. Faculty of Education, Health and Sciences, Northern Territory University, Darwin, Australia.

Herman Melville (1851).*Moby-Dick; or, The Whale.* Richard Bentley, Britain.

Hooper, J.N.A. and Soest, R.W.M. van (eds) (2002). *Systema Porifera. A Guide to the classification of sponges* Vols 1&2. Kluwer Academic/ Plenum Publishers, New York, 1708pp.

Hylleberg, J. (2002). Zoogeography and inventory of marine molluscs encountered in southern India. Phuket Marine Biological Centre Special Publication, 26: 80pp.

James, D. B. (2007). Echinoderms of the west coast of India. *Fishing Chimes* 27(7): 19-21.

Jayasankar, P and B. Anoop. (2010). *Identification of Marine Mammals of India.* Narendra Publishing House, Delhi, 134 pp.

Jefferson, T.A., Leatherwood, S. and M.A. Webber. 1993. *FAO Species Identification Guide. Marine Mammals of the World.* FAO, Rome, 320 pp.

Jones, S. and Kumaran, M. (1980). *Fishes of Laccadive Archipelago*. Mathrubhumi Press, *Cochin,* 700pp.

Jules Verne (1870). *Twenty Thousand Leagues Under the Sea.* Pierre-Jules Hetzel.

Kathiresan, K. and Qasim, S.Z. (2005). Biodiversity of Mangrove Ecosystems. Hindustan Publishing Corporation, New Delhi, 231pp.

Kurian, C.V. (1953). A preliminary survey of the bottom fauna and bottom deposits of the Travancore coast within the 15-fathom line. *Proceedings of the National Institute of Sciences of India.,* 19: 746-775.

Kurian, C.V. and Sebastian, V.O. (1986). Prawns and Prawn Fisheries of India. Hindustan Publ. Corpn., New Delhi, 297 pp.

Mamata, P. and Meena, R. (1996). *Oceans Omnibus.* Centre for Environment Education, Ahmedabad, 48pp.

Margulis, L and Schwartz, K.V. *Five Kingdoms. An Illustrated Guide to the Phyla of Life on Earth (3rd Edn.).* W.H. Freeman and Company, New York, 518pp.

Marshall, N.B. (1954). *Aspects of Deep Sea Biology. Hutchinson, London*

McLaughlin, P.A., Rahayu, D.L., Komai, T. & Chan, T.Y. (2007). *A Catalog of the Hermit Crabs (Paguroidea) of Taiwan*. Keelung Place, National Taiwan Ocean University, 365 pp.

McLaughlin, P.A., Komai, T., Lemaitre, R.& Rahayu, D.L. (2010). Annotated checklist of anomuran decapod crustaceans of the world (exclusive of the kiwaoidea and families

chirostylidae and galatheidae of the galatheoidea) part I – lithodoidea, lomisoidea and paguroidea. *The Raffles Bulletin of Zoology.* Supplement No. 23: 5–107.

Melkani, V.K., Patterson Edward, J.K., Murugan, A and Naganathan, V. (Eds.). (2008). Capacity building in identification of marine scheduled animals. Gulf of Mannar Biosphere Reserve Trust, Ramanathapuram and Suganthi Devadason Marine Research Institute, Tuticorin, Tamil Nadu, 81pp.

Menon, N.G. and Pillai, C.S.G. (Eds.) (1996). *Marine Biodiversity Conservation and Management.* Central Marine Fisheries Research Institute, Kochi, 205pp.

Menon, N.R. and Nandini Menon (2006). Taxonomy of Bryozoa from the Indian EEZ A Monograph. Centre for Marine Living Resources and Ecology, Cochin University of Science and Technology Ocean Science and Technology Cell on Marine Benthos.

Misra, K. S. (1959). An aid to the identification of the common commercial fishes of India and Pakistan. *Rec. Indian Mus.,* 57 (1-4): 320pp.

Mohan Joseph, M. (2007). *A Field Guide to the Common Marine Molluscs of India.* Central Marine Fisheries Research Institute, Kochi, India.

Munro, I.S.R. (2000). *The Marine and Freshwater fishes of Ceylon.* Narendra Publishing House, Delhi. 351pp.

Murthy, T.S.N. (2007). *Pictorial Handbook on Marine Reptiles of India*. Zoological Survey of India, Kolkata, 75pp.

Murty, V.S. (2002). *Marine ornamental fish resources of Lakshadweep.* CMFRI Special Publication. No. 72: 134pp.

Nair, R.R. and Qasim, S.V. (1978). Occurrence of a bank with living corals of the South West coast of India. *Indian J. Mar. Sci.,* 7: 55-58.

Nelson, J. S. (2006). *Fishes of the World* (4$^{th}$ Ed.). John Wiley & *Sons*, Inc., Hoboken. 601pp.

Newman, L.J. and Cannon, L.R.G. (2005). *Marine Flatworms. The World of Polyclads*. CSIRO Publishing, Melbourne, 112pp.

Ng, P.K.L., Guinot, D. and Davie, P.J.F (2008). Systema Brachyurorum: Part I. An annotated checklist of extant Brachyuran crabs of the world. *Raffles Bulletin of Zoology,* 17: 1–286.

NIO (2006). Sagar. *A pocketbook on the ocean with special reference to the waters around India.* National Institute of Oceanography, Goa, 36 pp.

Norman, M. D. 2000. *Cephalopods: A World Guide*. Frankfurt, Germany, IKAN Publishing. 320pp.

Norse, E. A. (ed.) (1993). *Global Marine Biological Diversity: A Strategy For Building Conservation Into Decision Making*. Island Press, Washington, D.C.

NRC (1996). *Ocean Discovery for Early Learners.* National Research Council. National Science Education Standards.Washington, D.C.: National Academy Press.

Osawa, M. and McLaughlin P.A. (2010). Annotated checklist of anomuran decapod crustaceans of the world (exclusive of the kiwaoidea and families chirostylidae and galatheidae of the galatheoidea) part ii – porcellanidae. *The Raffles Bulletin of Zoology,* Supplement No. 23: 109–129.

Pawson, D.L. (2007). Phylum Echinodermata. *Zootaxa,* 1668: 749-764.

Patterson Edward, J.K., Patterson, J., Venkatesh, M., Chellaram, C., Mathews, G. and Wilhelmsson, D. (2004). A field guide to stony corals (Scleractinia) of Tuticorin in Gulf of Mannar, Southeast coast of India. SDMRI Special Research Publication No.4., Suganthi Devadason Marine Research Institute (SDMRI), Tuticorin, Tamil Nadu, India, 80pp.

Patterson Edward, J.K., Murugan, A. and Patterson, J. (2006). National Training Workshop on Marine and Coastal Biodiversity Assessment for Conservation and Sustainable Utilization. Training Manual. SDMRI Special Research Publication No.10, Suganthi Devadason Marine Research Institute (SDMRI), Tuticorin, Tamil Nadu, India, 294pp.

Pillai, C.S.G. (1996). Coral reefs of India, their conservation and management. In: Marine Biodiversity, Conservation and Management (Menon, N. G. & Pillai, C.S.G., eds). Central Marine Fisheries Research Institute, Cochin, pp. 16-31.

Pillai, C.S.G. (2010). A review of the status of corals and coral reefs of India. *Indian Journal of Animal Sciences* 80 (4) (Suppl. 1): 53–56.

Pillai, N. K. (1951). Decapoda (Brachyura) from Travancore. Bull. Central Research Institute, University of Travancore, Trivandrum ii, no. 1, ser. C, pp. 1-46.

Pillai, N. K. (1990). *Marine Biology and Ecology.* Himalaya Publishing House, Bombay.

Pinet, P.R. (2003). *Invitation to Oceanography 3rd Edn.).* John and Bartlett Publishers, Boston,

Qasim, S.Z. (1990). Ocean- The Future Hope of Mankind. Publications Division, Govt. of India, 42pp.

Qasim, S.Z. (19990). *The Indian Ocean. Images and Realities*. Oxford and IBH Publishing Co. Pvt. Ltd., New Delhi, 340pp.

Qasim, S.Z. and Wafer, M.V.M. (1979). Occurrences of living corals at several places along the West Coast of India. *Mahasagar*, 12: 53-58.

Rachel Carson, L. (1941). *Under the Sea Wind: A Naturalist's Picture of Ocean Life*. Simon & Schuster, New York; Oxford (1952); Penguin Nature Classics (1996).

Rachel Carson, L. (1951). *The Sea Around Us.* Oxford University Press, Oxford.

Rachel Carson, L. (1955). *The Edge of the Sea.* Oxford University Press, Oxford.

Randall, J. E. (1995). *Coastal Fishes of Oman.* University of Hawaii Press, Honolulu, Hawaii, 439pp.

Radhakrishnan, C., Gopi , K.C. and Jafer Palot, M. (2006). Mangroves and their faunal associates in Kerala, with special reference to Northern Kerala, India. Records of Zoological Survey of Kerala, Occasional Paper No. 246: 1-81.

Raje, S.G., Sivakami, S., Mohan Faj, G., Manoj Kumar, P.P., Raju, A. and Joshi, K.K. (2007). *An Atlas on the Elasmobranch Fishery Resources of India.* Central Marine Fisheries Research Institute, Kochi, India, 253pp.

Ramakrishna and Dey, A. (2003). Manual on identification of scheduled marine molluscs from India. Zoological Survey of India, Kolkata, 40pp.

Ravindran, K., Srinath, K., Kunjioalu, K.K. and Sasikumar, V. (Eds.) (1998). Kadalekum Kanivukal (Bounties of the Sea). Central Institute of Fisheries Technology, Cochin, India and All India Radio, Thrissur, 166pp.

Ruppert, E.E., Fox, R.S., and Barnes, R.D. (2004). *Invertebrate Zoology* (7 ed.). Brooks/ Cole, 459 pp.

Russell, F.S. and M. Maurice Young (1971). *Advances in Marine Biology*. Vol. 9. Acad. Press, London, 567 pp.

Sakai,T., 1976. *Crabs of Japan and Adjacent Seas*. Publ. Kodamsha Tokya, Japan, 461pp.

Sara Holden (2007). Planet Ocean. Photo stories from the 'Defending our Oceans' voyage. New Internationalist Publications Ltd., Oxford.

Sashikumar, C., Palot, M.J., Sathyan, M. and Radhakrishnan, C. (2011). *Pictorial Handbook-Shorebirds of Kerala (Including Gulls and Terns).* Zoological Survey of India, Kolkata, 165pp.

Sashikumar, C., Praveen, J., Palot, M.J. and Nameer, P.O. (2011). *Birds of Kerala. Status and Distribution.* D.C. Books, Kottayam, 835pp.

Sastry, D.R.K. (2007). Echinodermata of India- An Annotated List. *Rec. zool. Surv. India*, Occ. *Paper No.* 271: 387 pp.

Sethuramalingam, S. and Ajmal Khan, S. (1991). Brachyuran crabs of Parangipettai coasts. Centre of advanced study in Marine Biology, Annamalai University, Parangipettai, 68pp.

Shanker, K., Choudhury, B.C. and Andrews, H.V. (2003). Sea turtle conservation: Beach management and hatchery programmes. A GOI UNDP Project Manual. Centre for Herpetology/Madras Crocodile Bank Trust, Mamallapuram, Tamil Nadu, India.

Silas, E. G. (1985). Cephalopod bionomics, fisheries and resources of the exclusive economic zone of India. *Bulletin CMFRI*, No.37, 195pp.

Smith, M.M. and Heemstra, P.C. (1986). *Smith's Sea fishes.* Springer Verlag Berlin Heidelberg New York, London, Paris, Tokyo. 1047pp.

Stephen, A.C. and Edmonds, S.J. (1972). *The Phyla Sipuncula and Echiura.* Trustees of the British Museum Natural History, London, 529pp.

Subba Rao, N.V. (2003). Indian Seashells: Part-I: Polyplacophora and Gastropoda. Zoological Survey of India, Kolkata, 416 pp.

Svedrup, H.U., Johnson, M.W. and Fleming, R.H. (1961). *The Oceans: Their Physics, Chemistry and General Biology.* Asia Publ. House, Bombay, 1087 pp.

Svedrup, K.A. and Armbrust, E.V. (2008). *Introduction to the World of Oceans.* McGraw-Hill International, Boston, 521pp.

Talwar, P.K. and Jhingran A.G. (1991). Inland Fishes of India and Adjacent Countries, Vols. I & II. Oxford & IBH Publ. Co., Pvt. Ltd., New Delhi, 1158 pp.

Talwar, P.K. and Kakkar, R.K. (1984). *Commercial Sea Fishes of India.* Zoological Survey of India, Kolkata, *997pp.*

Thorson, G. (1971). *Life in the Sea.* World University Library, London, 256pp.

Shanker, K and Choudhury, B. C. (Eds.) (2006). Marine Turtles of Indian Sub - continent: Status, threats and Conservation. University Press, Hyderabad.

UNCBD (2012). *Marine Biodiversity—One Ocean, Many Worlds of Life*. Secretariat of the Convention on Biological Diversity, Montreal, 77pp.

Venkataraman, K. (2003). Handbook on hard corals of India. Zoological Survey of India, Kolkata, 266pp.

Venkataraman, K. and Wafar, M. (2005). Coastal and marine biodiversity of India, *Ind. J. Mar. Sci.,* 34 (1): 57-75.

Venkataramani, V. K., Jawahar, P., Vaitheeswaran, T. and R. Santhanam (2005). Marine Ornramental Fishes of Gulf of Mannar. *ICAR/NATP/CGP/ publication*, 115pp.

Verlencar, X.N. and Desai, S. (2004). Phytoplankton Identification Manual. National Institute of Oceanography, Goa, 35pp.

Whitaker, R. & A. Captain. (2004). *Snakes of India-The Field Guide*. Draco Books, Chennai, India, 481pp.

Wilson, R., Norman, M. and Syme, A. (2007). *An Introduction to Marine Life.* Museum Victoria, Melbourne, 166pp.

Yonge, C.M. (1961). *The Sea Shore.* Collins, London.

ZSI (2003). Marine Faunal Diversity of India. Training Manual. Marine Biological Station, Zoological Survey of India, Chennai, 394pp.

**Malayalam Books**

Andrews, A. (2007). *Katalmuthu. Oru Matsyathozhilaliyude Katalanubhavangal.* DC Books, Kottayam, 111pp.

Balakrishnan Nair, N. (1994). *Kadal Oru Adbhudam* (TheWonderful Sea). The State Institute of Languages, Thiruvananthapuram, 149pp.

Dinesh, C., Radhakrishnan, C. and Palot, M.J. (2006). *Keralathile Sasthanikal (Mammals of Kerala),* Malabar Natural History Society, Kozhikkode, 174pp.

Induchoodan (Neelakantan, K.K.) (1996). *Keralathile Pakshikal (3rd Edn.).* Kerala Sahitya Academy, 520pp+50pl.

Rajagopalan, C.R. (Ed.). (2004). *Nattarivukal. Kadalarivukal.* DC Books, Kottayam, 140pp.

Swamy, G.N. (1998). *Kadal Enna Kadangatha* (*Riddles of the Ocean*). Kerala Sastra Sahitya Parishad, Kochi, 32 pp.

